**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2287**

**14/06/2019-ലെ മറുപടിക്ക്**

## വളാഞ്ചേരി ഫയർ സ്റ്റേഷനുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>(ബഹു. എം.എൽ.എ) | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | വളാഞ്ചേരി ഫയർ സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭരണാനുമതിക്കായുള്ള പ്രൊപ്പോസലിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | വളാഞ്ചേരി ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ അധിക ഫണ്ട് വകയിരുത്തി ഭരണാനുമതി നൽകണമെന്ന പ്രൊപ്പോസൽ ആഭ്യന്തര വകുപ്പ് സമർപ്പിച്ചിരുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷം അവസാനിച്ചതിനു ശേഷം 01.04.2019 ൽ ആണ് പ്രസ്തുത പ്രൊപ്പോസൽ ആഭ്യന്തര വകുപ്പ് ധന വകുപ്പിന് സമർപ്പിച്ചിരുന്നത്. 2018-19 സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത പ്രൊപ്പോസൽ ആഭ്യന്തര വകുപ്പിന് മടക്കി നൽകിയിട്ടുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണത്തിനും തസ്തിക സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പ്രൊപ്പോസൽ അംഗീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | ആഭ്യന്തര വകുപ്പ് പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ധനകാര്യ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | 2018-19 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ നടപ്പ് വർഷത്തെ Budget estimate അടിസ്ഥാനമാക്കി മാത്രമേ ഭരണാനുമതി പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയൂ എന്നതിനാൽ '2018-19' സാമ്പത്തിക വർഷം അവസാനിച്ചതിനാൽ ഭരണ വകുപ്പ് പ്രൊപ്പോസൽ മടക്കി നൽകുന്നു എന്ന് രേഖപ്പെടുത്തി ആഭ്യന്തര വകുപ്പ് ഫയൽ മടക്കി നൽകിയിട്ടുണ്ട്. File.E.No. 1157600:EXP-A2/149/2019-FIN, E.No. 1133768: HOME-F2/98/ 2019-HOME Dated 02.05.2019. |

**അക്കൗണ്ട്സ് ഓഫീസർ**